# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 503 — **07.01.2014**- ലെ മറുപടിക്ക്

## <u>ഹൗസിംഗ് ഫെഡറേഷൻ അംഗത്വം</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ എത്ര പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; | (എ) | സഹകരണ മേഖലയിൽ 361 പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഇതിൽ എത്ര സംഘങ്ങൾക്ക് ഹൗസിംഗ് ഫെഡറേഷൻ അംഗത്വം നൽകിയിട്ടുണ്ട്; | (ബി) | നിലവിൽ 205 സംഘങ്ങൾക്ക് ഹൗസിംഗ് ഫെഡറേഷൻ അംഗത്വം നൽകിയിട്ടുണ്ട്. |
| സി) പ്രാഥമിക സംഘങ്ങൾക്ക് അംഗത്വം നിഷേധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഏതടിസ്ഥാന ത്തിലാണ് അംഗത്വം നിഷേധി ക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. നിലവിൽ അംഗത്വം നല്കിയിട്ടുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ ഡിമാൻറ് അനുസരിച്ചുള്ള തുക നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ആവശ്യാനുസരണം ഫണ്ട് ലഭിക്കാത്തതിനാൽ പുതിയ സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നത് താൽക്കാലി കമായി നിർത്തിവച്ചിരിക്കുകയാണ്. |
| ഡി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപ നമായ ഹൗസിംഗ് ഫെഡറേഷൻ എന്തെല്ലാം സഹായങ്ങളാണ് പ്രൈമറി സംഘങ്ങൾക്ക് നൽകി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഹൗസിംഗ് ഫെഡറേഷൻ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങ ളിലെ അംഗങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനും റിപ്പയറിംഗിനും വിപുലീകരണത്തിനും വായ്പ നല്കുന്നതി നാവശ്യമായ ഫണ്ട് നല്കുന്നു. സ്വന്തമായി സ്ഥലമുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം പണിയുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ 10 ലക്ഷം രൂപ വരെ വായ്പ നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ